# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: VII** | **DEPARTMENT: MALAYALAM** | **DATE: 10-05-2021** |
| **Class Note** | **Lesson: 2** | **Topic: ആദ്യത്തെ ചിലന്തി** |

**<u>പദപരിചയം</u>**

| | | |
|---|---|---|
| പഞ്ഞിപ്പൊതി | അങ്കുരിച്ചു | ഗർജ്ജനം |
| ഗ്രീക്കുപുരാണം | പുകഴ്ത്തിപ്പറയുക | പടുകിഴവി |
| തയ്യൽജോലി | സമ്മാനം | അഭിപ്രായം |
| വിസ്മയിപ്പിക്കുക | അരാക്നി | മാപ്പപേക്ഷിക്കുക |
| അഹങ്കാരം | അഥീനിദേവി | ജ്വലിച്ചു |
| മത്സരം | അഭിമാനം | സ്യൂസ് ദേവൻ |
| ഉജ്ജ്വലകാന്തി | മത്സരത്തയ്യൽ | വിദഗ്ധർ |
| പരിഭ്രമം | വർണോജ്ജ്വലം | ചിത്രകംബളം |
| പുലഭ്യം | ചിത്രത്തയ്യൽ | സന്തതിപരമ്പര |

**<u>അർത്ഥം</u>**

വിസ്മയം = അത്ഭുതം

അങ്കുരിക്കുക = മുളയ്ക്കുക

സമീപത്ത് = അരികിൽ

രോഷം = കോപം

ഗർജ്ജിക്കുക = അലറുക

പരിഭ്രമം = വെപ്രാളം

ക്ഷതം = മുറിവ്

വണങ്ങുക = വന്ദിക്കുക

ചിത്രീകരിക്കുക = വരയ്ക്കുക

വിദഗ്ധർ = സമർത്ഥർ

കംബളം = പുതപ്പ്

കാന്തി = ശോഭ

പുകഴ്ത്തുക = പ്രശംസിക്കുക

സന്തതികൾ = മക്കൾ

**<u>വിപരീതപദം</u>**

ക്ഷമ × അക്ഷമ

അഭിമാനം × അപമാനം

പുകഴ്ത്തുക × ഇകഴ്ത്തുക

**<u>വിഗ്രഹിക്കുക</u>**

പഞ്ഞിപ്പൊതി = പഞ്ഞി കൊണ്ടുള്ള പൊതി

രോഷാകുല = രോഷത്താൽ ആകുല

കിഴവിത്തള്ള = കിഴവിയായ തള്ള

ഉജ്ജ്വലകാന്തി = ഉജ്ജ്വലമായ കാന്തി

വർണോജ്ജ്വലം = വർണ്ണങ്ങളാൽ ഉജ്ജ്വലം

ചിത്രകംബളം = ചിത്രങ്ങളുള്ള കംബളം

സന്തതിപരമ്പര = സന്തതികളുടെ പരമ്പര

**പര്യായ പദം**

ചിലന്തി = എട്ടുകാലി , തന്തുവായം

ശരീരം = മേനി , തനു

കോപം = ദേഷ്യം , അമർഷം

തല = മൗലി , ശീർഷം

മുഖം = ആനനം , വദനം

തലമുടി = കേശം , കൂന്തൽ

വിരൽ = അംഗുലി , കരശാഖ

കണ്ണ് = നയനം , മിഴി

**ചേർത്തെഴുതുക**

ശരീരത്തിന് + അടിയിൽ = ശരീരത്തിനടിയിൽ

പഞ്ഞി + പൊതി = പഞ്ഞിപ്പൊതി

തയ്ച്ച് + എടുക്കുന്ന = തയ്ച്ചെടുക്കുന്ന

വേണം + എങ്കിൽ = വേണമെങ്കിൽ

മാപ്പ് + അപേക്ഷിക്കുക = മാപ്പപേക്ഷിക്കുക

കിഴവി + തള്ള = കിഴവിത്തള്ള

കോപിഷ്ഠൻ + ആയ = കോപിഷ്ഠനായ

പുകഴ്ത്തി + പറഞ്ഞു = പുകഴ്ത്തിപ്പറഞ്ഞു

**പിരിച്ചെഴുതുക**

എനിക്കൊപ്പം = എനിക്ക് + ഒപ്പം

കാലുകളാക്കി = കാലുകൾ + ആക്കി

ചിലന്തിയായി = ചിലന്തി + ആയി

നൂൽപ്പെട്ടി = നൂൽ + പെട്ടി

അവളെക്കുറിച്ച് = അവളെ + കുറിച്ച്

ക്ഷതമേൽക്കും = ക്ഷതം + ഏൽക്കും

കഷണങ്ങളായി = കഷണങ്ങൾ + ആയി

**<u>ചോദ്യോത്തരങ്ങൾ</u>**

1. അരാക്നി ഏതു കലയിലാണ് സമർത്ഥ ആയത് ?

തയ്യൽ കലയിലാണ് അരാക്നി സമർത്ഥ ആയത്.

2.അരാക്നി രോഷാകുലയായത് എപ്പോൾ ?

അഥീനിദേവിയിൽ നിന്നാണോ തയ്യൽ വിദ്യ പഠിച്ചത് എന്ന ചോദ്യം കേട്ടപ്പോഴാണ് അരാക്നി രോഷാകുലയായത് .

3. അഥീനി ദേവിയുടെയും അരാക്നിയുടെയും ചിത്രങ്ങൾ താരതമ്യം ചെയ്യുക?

അഥീനിദേവി തന്റെ ചിത്രത്തിൽ ദേവരൂപങ്ങളാണ് തയ്ച്ചത് . എന്നാൽ അരാക്നി തന്റെ ചിത്രത്തിൽ ദേവന്മാരെ കുരങ്ങന്മാരായും കഴുതകളായും ചിത്രീകരിച്ചു .

4. അഥീനി ദേവി അരാക്നിയെ ശപിച്ചതെങ്ങനെ ?

"ചിത്രത്തയ്യലിന്റെ ഒത്ത നടുക്ക് സ്വന്തം രൂപം പ്രതിഷ്ഠിച്ചു കഴിയുന്ന ഒരു വിഷജീവിയായി ജീവിക്കുക" എന്നാണ് അഥീനി ദേവി അരാക്നിയെ ശപിച്ചത് .

5. ദൂരെ നിന്നു പോലും ആളുകൾ അരാക്നിയുടെ അരികിൽ വന്നിരുന്നതെന്തിന് ?

നിമിഷങ്ങൾ കൊണ്ട് അരാക്നി തുണികളിൽ തയ്ച്ചെടുക്കുന്ന ചിത്രങ്ങൾ കാണാൻ വേണ്ടിയാണ് ആളുകൾ അരാക്നിയുടെ അരികിൽ വന്നിരുന്നത്

6. അഥീനിദേവി ഏതു വേഷത്തിലാണ് അരാക്നിയുടെ അരികിൽ എത്തിയത് ?

അഥീനിദേവി ഒരു പടുകിഴവിയുടെ വേഷത്തിലാണ് അരാക്നിയുടെ അരികിൽ എത്തിയത് .

7. എന്തു കൊണ്ടാണ് അഥീനിദേവിയോട് മാപ്പു പറയാനോ വണങ്ങാനോ അരാക്നി തയ്യാറാകാത്തത് ?

തന്റെ അഭിമാനത്തിന് ക്ഷതമേൽക്കുമെന്ന് കരുതിയാണ് അഥീനിദേവിയോട് മാപ്പു പറയാനോ വണങ്ങാനോ അരാക്നി തയ്യാറാകാതിരുന്നത്.

*********